## കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് കോർപ്പറേഷൻ - പൊതുകളിസ്ഥലത്തിനായി നെല്ലിക്കോട് വില്ലേജിൽ റീസർവ്വേ 140/1-ൽപ്പെട്ട 1.30 ഏക്കർ സ്ഥലം അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

### തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 1541/2008/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, മേയ് 27, 2008

<u>പരാമർശം:</u>

1. കോഴിക്കോട് കോർപ്പറേഷൻ കൗൺസിലിന്റെ 18-08-2005-ലെ 126-ാം നമ്പർ തീരുമാനം.
2. കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ 10-04-2008-ലെ ഇ3 49387/98 നമ്പർ കത്ത്.
3. നഗരകാര്യ ഡയറക്ടറുടെ 28-04-2008-ലെ ജി.3-5823/08 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോഴിക്കോട് കോർപ്പറേഷൻ വാർഡ് നം.30-ൽ നെല്ലിക്കോട് വില്ലേജിൽ റീസർവ്വേ 140/1-ൽപ്പെട്ട 1.30 ഏക്കർ സ്ഥലം പൊതുകളിസ്ഥലത്തിനായി അക്വയർ ചെയ്യുന്നതിന് പരാമർശം 1 പ്രകാരം തീരുമാനിക്കുകയും ആയതിലേയ്ക്ക് അനുമതിയ്ക്കായി പരാമർശം 2 പ്രകാരം സർക്കാരിലേയ്ക്ക് അപേക്ഷിക്കുകയും ചെയ്തു. പ്രസ്തുത അക്വിസിഷൻ ഒഴിവാക്കുന്നതിനായി ഏതാനും പേർ അപേക്ഷ നൽകിയെങ്കിലും ടൗൺ പ്ലാനിംഗ് കമ്മിറ്റി സ്ഥല പരിശോധന നടത്തി അക്വിസിഷൻ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും നടപ്പു സാമ്പത്തിക വർഷം സ്ഥലമെടുപ്പിനായി നീക്കി വച്ചിട്ടുള്ള 3,00,00,000/- രൂപയിൽ നിന്നും 2,27,763/- രൂപ മാത്രമേ ഇതുവരെ ചെലവാക്കിയിട്ടുള്ളൂ നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം കളിസ്ഥല നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കോർപ്പറേഷൻ എഞ്ചിനീയറും കോർപ്പറേഷൻ ഹെൽത്ത് ഓഫീസറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് നഗരസഭയുടെ പ്രൊപ്പോസൽ അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം 3 പ്രകാരം ശുപാർശ ചെയ്തിട്ടുമുണ്ട്.

(മറുപുറം)

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് കോർപ്പറേഷന്റെ പരാമർശം 1-ലെ കൗൺസിൽ തീരുമാനത്തിന്റേയും പരാമർശം 2-ലെ അപേക്ഷയുടേയും നഗരകാര്യ ഡയറക്ടറുടെ പരാമർശം 3-ലെ ശുപാർശയുടേയും അടിസ്ഥാനത്തിൽ, പൊതുകളിസ്ഥലത്തിനായി വാർഡ് നം.30-ൽ നെല്ലിക്കോട് വില്ലേജിൽ റീസർവ്വേ 140/1-ൽപ്പെട്ട 1.30 ഏക്കർ സ്ഥലം അക്വയർ ചെയ്യുന്നതിന് ഇത് സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാദ്ധ്യതയോ വ്യവഹാരങ്ങളിൽ ബാദ്ധ്യതയോ ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് കോർപ്പറേഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജി.ശ്രീകുമാർ,
ഡെപ്യൂട്ടി സെക്രട്ടറി.

**To**

സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ, കോഴിക്കോട്.

ജില്ലാ കളക്ടർ, കോഴിക്കോട്.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരണത്തിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.